# Academic Master Plan

## 2025-26

## GHSS Edapal



# അക്കാദമിക് മാസ്റ്റർ പ്ലാൻ: 2025-26

ജി.എച്ച്. എസ്.എസ്. എടപ്പാൾ

# ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- നിലവിലെ അവസ്ഥ വിശകലനം
- വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിങ്
- വിഷയാടിസ്ഥാന ആസൂത്രണം
- ഉപസംഹാരം

# ആമുഖം

വിദ്യാലയത്തിന്റെ പേര് :ജിഎച്ച്എസ്എസ് എടപ്പാൾ
SCHOOL CODE : 19050
UDISE CODE : 32050700512
പഞ്ചായത്ത് :എടപ്പാൾ
ബി ആർ സി :എടപ്പാൾ
ഉപജില്ല :എടപ്പാൾ
വിദ്യാഭ്യാസ ജില്ല :തിരൂർ
ജില്ല: മലപ്പുറം
ക്ലാസുകൾ: എട്ടു മുതൽ പത്തുവരെ
ഫോൺ നമ്പർ : 0494 2681015
ഇമെയിൽ ഐഡി: ghsedapal2@gmail.com
പോസ്റ്റ് ഓഫീസ് :എടപ്പാൾ
പിൻകോഡ്: 679576

എടപ്പാൾ ഗവ ഹൈസ്കൂൾ 1957 ൽ ആണ് സ്ഥാപിതമായത്.
അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ. ഇ എം എസ് നമ്പൂതിരിപ്പാട് ഉദ്ഘാടനം നിർവഹിച്ചു.
പ്രശസ്ത എഴുത്തുകാരൻ ശ്രീ. എം.ടി. വാസുദേവൻ നായരുടെ സഹോദരനായിരുന്ന ശ്രീ എം.ടി. ഗോവിന്ദൻ നായർ ആയിരുന്നു ആദ്യത്തെ പ്രധാന അധ്യാപകൻ.
22 ആൺകുട്ടികളും 14 പെൺ കുട്ടികളും ആയിരുന്നു 1960 ലെ ആദ്യത്തെ SSLC ബാച്ചിൽ ഉണ്ടായിരുന്നത്.

2000-2001 വർഷത്തിൽ ഇവിടെ ഹയർ സെക്കൻ്ററി ആരംഭിച്ചു.
ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് സാക്ഷ്യം വഹിച്ച വിദ്യാലയം എടപ്പാൾ പട്ടണത്തിൻ്റെ ഹൃദയതാളം ഉൾക്കൊണ്ട് പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നു.
മലയാളം - ഇംഗ്ലീഷ് മീഡിയങ്ങളിലായി 28 ഡിവിഷനുകൾ ഉണ്ട്.
ആയിരത്തിലേറെ വിദ്യാർത്ഥികൾ ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്നു.

കഴിഞ്ഞ അഞ്ചാറു വർഷങ്ങൾ കൊണ്ട് ചുറ്റുമതിൽ, ഗ്രൗണ്ട് കെട്ടിടങ്ങൾ തുടങ്ങിയ  ഭൗതിക സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങൾ അഭിലഷണീയമാണ്.

പഠനം പൂർത്തിയാക്കി പുറത്തു പോകുന്ന വിദ്യാർത്ഥികൾ സ്കൂളിലെ അഭിമാനം കാത്തു സൂക്ഷിക്കുന്നു.
വിവിധ മേഖലകളിൽ ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിൻ്റെ നിത്യസമ്പത്താണ്.

# പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട ശേഷികൾ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി പ്രാവർത്തികമാക്കുക.
- കുട്ടികളുടെ പഠന പാഠ്യേതരപ്രവർത്തനങ്ങളിൽ സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- കുട്ടികൾ ഭാഷാപരമായ ശേഷി കൈവരിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- പൗരബോധമുള്ള വിദ്യാർത്ഥികളെയും വാർത്തെടുക്കുക.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന മികച്ച വിദ്യാർത്ഥികളായി കുട്ടികളെ വാർത്തെടുക്കുക .
- വിദ്യാലയത്തിലെ പശ്ചാത്തലസൗകര്യങ്ങൾ വർദ്ധിപ്പിച്ച് അക്കാദമിക മികവ് കൈവരിക്കുക .
- കുട്ടികളിൽ പഠനം രസകരവും ആകർഷകവും ആക്കുന്ന രീതിയിൽ വിദ്യാലയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക .
- വിവരവിനിമയ സാങ്കേതികവിദ്യകൾ പഠന ലക്ഷ്യങ്ങൾ നേടുന്നതിന് പരമാവധി പ്രയോജനപ്പെടുത്തുക.
- മയക്കുമരുന്ന് മറ്റു ലഹരികൾ എന്നിവയ്ക്കെതിരെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.
- ട്രാഫിക് നിയമങ്ങൾ അനുസരിക്കുന്നതിനും റോഡിൽ അച്ചടക്കം പാലിക്കുന്നതിനും ഉള്ള ശീലം വളർത്തുക.

## നിലവിലെ അവസ്ഥകൾ, നേട്ടങ്ങൾ

എട്ടുമുതൽ 10 വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണം പട്ടികയിൽ ചുവടെ കൊടുത്തിരിക്കുന്നു.

| Std | Boys | Girls | Total |
|---|---|---|---|
| 8 | 188 | 151 | 339 |
| 9 | 217 | 159 | 376 |
| 10 | 215 | 142 | 357 |
| Total | 620 | 452 | 1072 |

21 വിഷയ അധ്യാപകരും 17 ഭാഷാധ്യാപകരും കായികം സംഗീതം, പ്രവൃത്തിപരിചയം എന്നിവയിൽ ഓരോ അധ്യാപകരും ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു റിസോഴ്സ് അധ്യാപികയും സ്കൂൾ കൗൺസിലറും കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. ഓഫീസ് വിഭാഗത്തിൽ ഒരു ക്ലർക്ക്, രണ്ട് ഓഫീസ് അറ്റന്റൻഡ്, രണ്ട് എഫ് ടി സി എം എന്നിവരാണ് ഉള്ളത്.

- 16 ക്ലാസ് റൂമുകളിൽ പ്രൊജക്ടർ സംവിധാനമുണ്ട് .
- എല്ലാ ക്ലാസ് റൂമുകളിലും ലൈറ്റും ഫാനും ഉണ്ട് .
- രണ്ട് ഐടി ലാബുകൾ, ലൈബ്രറി ,സയൻസ് ലാബ് എന്നിവ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.
- ഉച്ചഭക്ഷണ പരിപാടി വിജയകരമായി പ്രവർത്തിക്കുന്നുണ്ട് .
- എല്ലാ ക്ലാസ് റൂമുകളിലും നിലവിൽ സ്പീക്കർ സിസ്റ്റമുണ്ട് .
- ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്റ്റാഫ് റൂം ,ഓഫീസ് റൂം ,എച്ച് എം ക്യാബിൻ ,കൗൺസിലർ റൂം എന്നിവ നവീകരിച്ചിട്ടുണ്ട്.
- കായിക പരിശീലനത്തിനായി വിസ്തൃതമായ ഗ്രൗണ്ടും ഇൻഡോർ സ്റ്റേഡിയവും ഉണ്ട്.
- പെൺകുട്ടികൾക്കുള്ള വിശ്രമ മുറിയും ശുചിമുറി സൗകര്യങ്ങളും പുതിയതായി സജ്ജമാക്കിയിട്ടുണ്ട്.
- സ്കൂളിന് ചുറ്റുമതിൽ എന്ന ഒരുപാട് കാലത്തെ ആവശ്യം കഴിഞ്ഞ വർഷമാണ് സാക്ഷാത്കരിച്ചത്.
- ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ എല്ലായിപ്പോഴും സ്കൂളിൻറെ ഭൗതിക സാഹചര്യങ്ങളുടെ വളർച്ചയ്ക്ക് സഹായകമായിട്ടുണ്ട്.

പരിമിതികൾ

- 20,000 ത്തോളം പുസ്തകങ്ങളുള്ള ലൈബ്രറി ഉണ്ടെങ്കിലും റീഡിങ് റൂം സജ്ജമായിട്ടില്ല.
- കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള ഭക്ഷണശാല ആവശ്യമുണ്ട് .
- എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി അസംബ്ലി നടത്താനുള്ള ഓഡിറ്റോറിയം ഇല്ല .
- പൂന്തോട്ടം ,ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമിക്കേണ്ടതുണ്ട്.
- ഐടി ലാബ് ,സയൻസ് ലാബ്, ഗണിത ലാബ് എന്നിവയുടെനവീകരണം ആവശ്യമാണ്.

നേട്ടങ്ങൾ

എസ്എസ്എൽസി പരീക്ഷയിൽ എല്ലാവർഷവും മികച്ച രീതിയിൽ കുട്ടികളെ വിജയിപ്പിക്കുന്ന വിദ്യാലയമാണ്.
എൻ എം എം എസ് പരീക്ഷ പോലുള്ള മത്സരപരീക്ഷകളിൽ വിജയികളെ സംഭാവന ചെയ്യാറുണ്ട് .
സംസ്ഥാന കലാമേളയിൽ എല്ലാവർഷവും ഈ വിദ്യാലയത്തിന്റെ പ്രാതിനിധ്യം ഉണ്ടാകാറുണ്ട് .
സംസ്ഥാന കായികമേളയിലും കുട്ടികൾ മാറ്റുരയ്ക്കാറുണ്ട്ദേശീയതലത്തിൽ കായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചിട്ടുണ്ട്ക്വിസ് മത്സരങ്ങളിൽ ജില്ലാതല സംസ്ഥാനതല മത്സരങ്ങളിൽ സ്ഥിരമായി കുട്ടികളെ എത്തിക്കാറുണ്ട്.
എസ് പി സി ,ജെ ആർ സി ,ഗൈഡ്സ് ,ലിറ്റിൽ കൈറ്റു യൂണിറ്റുകൾ സജീവമായി സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

## ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് ഹിന്ദി മലയാളം വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭ പോഷണ പരിപാടികൾ
- പഠനയാത്രകൾ
- കലാകായിക ശാസ്ത്രമേളകൾ
- ഐടി പരിശീലനം
- എസ് ആർ ജി ശിൽപ്പശാലകൾ
- ഭിന്നശേഷി വിദ്യാർഥികളുടെ പോഷണ പരിപാടി
- അധ്യാപക ശാക്തീകരണ പരിപാടികൾ
- പോഷകാഹാരപരിപാടി
- പ്രതിമാസമൂല്യനിർണയം യൂണിറ്റ് മൂല്യനിർണയം
- നിരന്തര മൂല്യനിർണയം
- ദിനാചരണങ്ങൾ
- മത്സരപരീക്ഷ പരിശീലനങ്ങൾ
- കായിക പരിശീലനം
- പെൺ കുട്ടികളുടെ കായിക പരിശീലനം
- ഗേൾസ് ഫുട്ബോൾ ക്ലബ്ബ്
- ഗേൾസ് ഹാൻഡ്ബോൾ ക്ലബ്ബ്
- ഗേൾസ് ഖൊ ഖൊ
- അത് ലറ്റിക് ടീം
- ത്രോസ് ടീം
- വിജയഭേരി ക്ലാസുകൾ

**ഭൗതിക സാഹചര്യങ്ങൾ**

- വായനാമുറി
- ഡൈനിങ് ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ഭിന്നശേഷി കുട്ടികളുടെ പ്രത്യേക പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ
- കൈ കഴുകാനുള്ള കൂടുതൽ ടാപ്പുകൾ
- മുറ്റം വൃത്തിയാക്കി ടൈൽസ് വിരിക്കൽ
- തൊഴിലാധിഷ്ഠിത പഠനത്തിന് പ്രത്യേക ക്ലാസ് മുറി
- സംഗീത പഠനത്തിന് പ്രത്യേക ക്ലാസ് മുറി

**സാമൂഹികം**

- പിടിഎ ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി പൂർവ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണം ഉറപ്പിക്കൽ
- നാട്ടിലെ ക്ലബ്ബുകളുടെയും മറ്റു സന്നദ്ധസംഘടനകളുടെയും പൂർവ്വാദ്ധ്യാപകരുടെയും സേവനം പ്രയോജനപ്പെടുത്തൽ
- ക്ലാസ് പിടിഎ ശക്തമാക്കുന്നതിനുള്ള നടപടികൾ
- കുട്ടികളുടെ ഭവന സന്ദർശനം
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കൽ

# പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് മികച്ച അധ്യയന വർഷം രൂപപ്പെടുത്തുന്നു
- കുട്ടികളെ ഒന്നാന്തരം പൗരന്മാരായി വളർത്തിയെടുക്കുന്നു
- മത്സരപരീക്ഷകളിലും മറ്റും കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കാൻ കഴിയുന്ന വിദ്യാർത്ഥികൾക്കിടയിൽ സഹവർത്തിത്വം വളർത്തി അച്ചടക്കമുള്ള ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു
- കുട്ടികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നു

# <u>സവിശേഷ മേഖലകൾ</u>

## CWSN കുട്ടികളുടെ പ്രത്യേക പഠന പദ്ധതികൾ

- റിസോഴ്സ് റൂം :കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ റിസോഴ്സ് മെറ്റീരിയൽ ഉള്ള റിസോഴ്സ് റൂം
- ചെറിയ കൈത്തൊഴിൽ പരിശീലനം
- ബുക്ക് ബൈൻഡിങ് പോലുള്ള കൈത്തൊഴിലുകൾ പരിശീലിപ്പിക്കുന്നു
- ഇൻക്ലൂസീവ് ലൈബ്രറി :സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങളിൽ നിന്ന് വായനയെപ്രോത്സാഹിപ്പിക്കുന്നതിനുള്ളപുസ്തകങ്ങൾ കണ്ടെത്തി നൽകുന്നു.
- കാഴ്ച പരിമിതിയുള്ള കുട്ടികളുടെ വായനയ്ക്ക് സഹായകമാകുന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്നു.
- കമ്പ്യൂട്ടർ പഠനത്തിന് പ്രാധാന്യം കൊടുക്കുന്നു.
- ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.
- ചെറിയ വിനോദയാത്രകൾ സംഘടിപ്പിക്കുന്നു.

## കലാ വിദ്യാഭ്യാസം

- സ്കൂൾ റേഡിയോ
- നാടൻ പാട്ടുകൾ
- ക്ലാസ് തലത്തിലെ സർഗ്ഗ വേളകൾ
- മാപ്പിളപ്പാട്ട് ,ഹിന്ദുസ്ഥാനി സംഗീത ഉപകരണങ്ങൾ നാടൻവാദ്യോപകരണങ്ങൾ എന്നിവ പരിചയപ്പെടൽ
- ചിത്ര കലാ ക്യാമ്പ് ,ശില്പശാലകൾ ,ദിനാചരണങ്ങളിലെ പെയിൻറിംഗ് ,ചിത്രരചന (പെൻസിൽ) തുടങ്ങിയവയുടെ പരിശീലനം
- പ്രശസ്തരായ ചിത്രകാരന്മാരുടെ ചിത്ര പ്രദർശനം
- കുട്ടികൾ വരച്ച ചിത്രങ്ങൾ ഉൾക്കൊള്ളുന്ന ആർട്ട് ഗ്യാലറി
- ശാസ്ത്രീയ നൃത്തം ,നാടോടി നൃത്തം ഇവയുടെ പരിശീലനം
- ക്ഷേത്ര കലകളുടെ പ്രദർശനം
- കവിതകളുടെ നൃത്താവിഷ്കാരം.
- കുട്ടികളുടെ അഭിനയ താല്പര്യങ്ങൾ കണ്ടെത്തുന്ന നാടക ക്യാമ്പുകൾ
- ഷോർട്ട് ഫിലിം നിർമ്മാണം

## കായിക വിദ്യാഭ്യാസം

- ക്ലാസ് തല football league
- Subratho Cup foot ball
- വനിതാ ഗെയിംസ് വിങ്
- Weekly Mass drill in assembly
- ചെസ് ടൂർണമെൻ്റ്
- ഖൊ ഖൊ കബഡി മത്സരങ്ങൾ
- കായിക രംഗത്ത് മികവു പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന പരിപാടി
- കുട്ടികളെ സംസ്ഥാന ദേശീയ തലങ്ങളിലേയ്ക്ക് ഉയർത്തുന്ന രീതിയിൽ പരിശീലന പരിപാടികൾ

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| മേഖല | പ്രവർത്തനം | class | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കൃഷി | പൂന്തോട്ടം പച്ചക്കറിത്തോട്ടം | 8,9,10 | June-Aug | സബ്ജറ്റ് കൗൺസിൽ | 2500 |
| വസ്ത്രം | തയ്യൽ മിഷൻ പരിപാലനം ശില്പശാല | 8,9,10 | June- | | 1000 |
| പാഴ് വസ്തു പരിപാലനം | കാരിബാഗ് നിർമ്മാണം ശില്പശാല | 8,9,10 | Aug | സബ്ജറ്റ് കൗൺസിൽ | 1000 |
| പ്ലംബിംഗ് | ഡ്രിപ് ഇറിഗേഷൻ ശിൽപശാല | 8,9,10 | January | സബ്ജറ്റ് കൗൺസിൽ | 3000 |
| മാധ്യമം | ഡോക്യുമെന്റേഷൻ സ്കൂൾ -കലാമേള | 8,9,10 | September | സബ്ജറ്റ് കൗൺസിൽ | 1000 |
| വസ്ത്രം | വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രധാരണ രീതികൾ ശിൽപ്പശാല | 8,9,10 | December | സബ്ജറ്റ് കൗൺസിൽ | 2000 |
| വസ്ത്രം | വസ്ത്രങ്ങളിലുള്ള വിവിധ പ്രിൻറിംഗ് രീതികൾ പരിശീലനം | 8,9,10 | October | സബ്ജറ്റ് കൗൺസിൽ | 3000 |

## സ്കൂൾ കൗൺസിലർ

- കുട്ടികളിലെ മാനസിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും chilling room

- മയക്കുമരുന്ന്, പുകവലി, മദ്യം എന്നിവയ്ക്കെതിരെ ബോധവൽക്കരണ ക്ലാസുകൾ

- പെൺകുട്ടികൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ

- സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്ക് പിന്തുണാ പ്രവർത്തനങ്ങൾ

- വിമുക്തി ക്ലബ്ബുമായി സഹകരിച്ച് പ്രത്യേക പരിപാടികൾ

| മലയാളം - മാസ്റ്റർപ്ലാൻ : 2025-26 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| ഭാഷാപരമാ<br>യ<br>പിന്നോക്കാവ<br>സ്ഥ<br>പരിഹരിക്ക<br>ൽ<br><br>കുട്ടിയെ<br>മികച്ച<br>വായനക്കാര<br>ൻ ആക്കുക | പ്രീ ടെസ്റ്റ് അക്ഷരം<br>ഉറപ്പിക്കൽ അടയാളം<br>ഉറപ്പിക്കൽ ,അക്ഷരക്കാർ<br>ഡ് നൽകൽ ,വാക്കുകൾ<br>എഴുതിയ<br>കാർഡ്വാക്കുകൾ<br>നിർമിക്കുക ,വാക്യങ്ങൾ<br>നിർമ്മിക്കാൻ ചിത്രം<br>അടിക്കുറിപ്പ് ,ചിത്രം ,കഥ<br>യെഴുതൽ ഭാഷാപരമായി<br>പിന്നോക്കം<br>നിൽക്കുന്നവർക്ക്<br>പ്രത്യേക ക്ലാസ്സ്<br><br>ക്ലാസ് തല വായന കൂട്ടം<br>രൂപീകരിക്കൽ<br>സ്കൂളിലെ ലൈബ്രറി<br>അംഗത്വം<br>സമീപ ഗ്രന്ഥശാല<br>അംഗത്വം<br>വായനോത്സവം<br>സംഘടിപ്പിക്കാൻ<br>പത്രവായന പുസ്തക<br>ചർച്ച വായനാനുഭവം<br>വായനാക്കുറിപ്പ് പതിപ്പ് | മൂന്നമാ<br>സം<br><br>ആറുമാ<br>സം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br><br>ക്ലാസ്<br>ലൈബ്രറി<br>സ്കൂളിൽ<br>ലൈബ്രറി<br>പത്രങ്ങൾ<br><br>അനിവാര്യ<br>തങ്ങൾ<br>ഇൻറർനെറ്റ്<br>കമ്പ്യൂട്ടർ<br>ലൈബ്രറി<br>പുസ്തകങ്ങൾ | പിടിഎ<br><br>അധ്യാ<br>പകർ<br>ട്രെയി<br>നർ<br><br>രക്ഷിത<br>ാക്കൾ<br><br>പിടിഎ<br><br>അധ്യാ<br>പകർ<br>ട്രെയി<br>നർ<br><br>രക്ഷിത<br>ാക്കൾ<br><br>പിടിഎ<br><br>അധ്യാ |

| | | | | |
|---|---|---|---|---|
| <br><br><br><br><br>കുട്ടിയെ<br>മികച്ച<br>എഴുത്തുകാര<br>ൻ ആക്കുക<br><br><br><br><br><br><br><br><br>സദസ്സിനെ<br>അഭിമുഖീകരി<br>ക്കാൻ<br>പ്രാപ്തനാക്കു<br>ക | വിദ്യാരംഗം<br>കലാസാഹിത്യവേദി<br>പ്രവർത്തനങ്ങൾ<br>ദിനാചരണം<br>സാഹിത്യകാരന്മാരും<br>ആയുള്ള അഭിമുഖം<br>ആനുകാലിക<br>പ്രസിദ്ധീകരണങ്ങളും<br>വായനയും<br>ആസ്വാദ്യകകരമായ<br>വായന<br>ഇ-വായന<br><br>എഴുത്തുകൂട്ടം<br>രൂപീകരിക്കാൻ പുസ്തക<br>ചർച്ച വായന കുറിപ്പ്<br>പതിപ്പ് വിവിധ സാഹിത്യ<br>ശാഖകൾ<br>പരിചയപ്പെടാൻ ചുമർ<br>പത്രിക പതിപ്പ്<br>തയ്യാറാക്കൽ<br>സ്വർഗ്ഗസൃഷ്ടികളുടെ<br>പതിപ്പ് തയ്യാറാക്കൽ<br>വ്യക്തിഗത രചന സംഘ<br>രചന ഭാഷാ പ്രോജക്ട്<br>അഭിമുഖം സംവാദം<br>സാഹിത്യ സാംസ്കാരിക<br>ചിത്ര ഗാലറി<br><br>പ്രസംഗ പരിശീലന | <br><br>ജൂലൈ -<br>ഡിസം<br>ബർ<br><br><br><br><br><br><br><br><br><br><br>ജൂലൈ -<br>ഡിസം<br>ബർ<br><br><br><br><br><br><br>ജൂലൈ -<br>ഡിസം<br>ബർ | ഫോട്ടോക<br>ൾ<br>പുസ്തകങ്ങൾ<br><br><br><br><br><br><br><br><br><br><br><br><br><br>ഓഡിയോ<br>വീഡിയോ | പകർ<br>ട്ടെയി<br>നർ<br><br><br>രക്ഷിത<br>ാക്കൾ<br><br><br>പിടിഎ<br><br>അധ്യാ<br>പകർ<br>ട്ടെയി<br>നർ<br><br><br>രക്ഷിത<br>ാക്കൾ<br><br><br><br><br><br><br><br><br>അധ്യാ<br>പകർ<br>ട്ടെയി<br>നർ |

| | | | | |
|---|---|---|---|---|
| | കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്ന പ്രസംഗ അവതരിപ്പിക്കുന്നതിനുള്ള വേദി സജ്ജമാക്കുന്നു | | | |
| പ്രാദേശിക കലകളെ കണ്ടെത്തൽ | പ്രാദേശികമായി വരുന്ന കുട്ടികളുടെ ചുറ്റുവട്ടത്തെ കലകളെ കണ്ടെത്തൽ കലാകാരന്മാരും ആയുള്ള അഭിമുഖം ഓഡിയോ വീഡിയോ തയ്യാറാക്കൽ കല അവതരിപ്പിക്കൽ | | പരിചയപ്പെടൽ<br>സംവാദം | |

## വായന മിഠായി

### (തനതു പ്രവർത്തനം)

പ്രശ്നം :വായനയ്ക്ക് കുട്ടികൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല

പ്രവർത്തനം :പുസ്തകങ്ങൾ പരിചയപ്പെടുത്തുന്ന വീഡിയോ

ലക്ഷ്യം :കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും

| ഉപപ്രവർത്തനം | ചുമതല | കാലം |
|---|---|---|
| ആശയരൂപീകരണം<br><br>രചനകൾ സ്വീകരിക്കലും വിലയിരുത്തലും<br>മെച്ചപ്പെടുത്തൽ<br>ഓഡിയോ വീഡിയോ തയ്യാറാക്കൽ<br><br>എഡിറ്റിംഗ്<br><br>പ്രസിദ്ധപ്പെടുത്തൽ | മലയാള വിഭാഗം<br><br>മലയാള വിഭാഗം<br><br>ലിറ്റിൽ കൈറ്റ്സിന്റെ സഹായത്തോടെ മലയാള വിഭാഗം<br><br>പിടിഎ<br>പ്രധാനാധ്യാപകൻ<br>മലയാള വിഭാഗം | ഈ അക്കാദമിക വർഷം ജൂലൈ മുതൽ ഫെബ്രുവരി വരെ |

# അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുന്നു | അറബിയിൽ മാഗസിൻ തയ്യാറാക്കുന്നു. | July-Sept | | സ്പോൺസർഷിപ്പ് |
| കുട്ടികളിൽ വായനാശീലം വളർത്തുന്നു | കഥകൾ ,കവിതകൾ ,ചിത്രകഥകൾ അടങ്ങിയ പുസ്തകങ്ങൾ ശേഖരിക്കുന്നു. | 6 മാസക്കാലം | സ്റ്റേജ് , ക്ലാസ് റൂം | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | Oct-Dec | | അധ്യാപകർ |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ നിർമ്മിക്കുന്നു . | June-Dec | പ്രൊജക്ടർ , ലാപ്ടോപ്പ് | അധ്യാപകർ |
| ആസ്വാദനം | കഥ,കവിത ,ആനിമേഷൻ ,ഫിലിം പ്രദർശനം | Jan | | അധ്യാപകർ |

# സംസ്കൃതം

| മേഖല | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷണ സംസ്കൃതം | സംഭാഷണ ക്ലാസ്സ് | ജൂൺ -ആഗസ്റ്റ് | സംസ്കൃതം അധ്യാപിക |
| വാചന സംസ്കൃതം | വാചന സ്പർദ്ധ<br>വാചന കേളി | വർഷം മുഴവൻ | ,, |
| ലേഖന സംസ്കൃതം | രചന ശില്പശാല | Sept | ഉപജില്ലാ സംസ്കൃത അക്കാദമി കൗൺസിൽ |
| ക്രീഡാ സംസ്കൃതം | കളികൾ സംസ്കൃതത്തിലൂടെ ചെറിയ ചെറിയ കളികൾ | വർഷം മുഴവൻ | സ്കൂൾ സംസ്കൃത സമിതി |
| കലാസംസ്കൃതം | സംസ്കൃതം കലാമേള<br>സംസ്കൃത സാഹിത്യ സമാജം | വർഷം മുഴവൻ | സ്കൂൾ സംസ്കൃത സമിതി |
| സാങ്കേതിക സംസ്കൃതം | സംസ്കൃത വീഡിയോ നിർമ്മാണം | വർഷം മുഴവൻ | സ്കൂൾ സംസ്കൃത സമിതി |

# ACADEMIC MASTER PLAN -ENGLISH

| Objectives | Activities | Time | Responsibility |
|---|---|---|---|
| Help students to practise and develop reading, creating headlines and writing news reports.<br><br>Help students to express themselves.<br><br>To gain confidence to speak in public.<br><br>Can provide insights into plot, characters and writing style. It can enhance critical thinking and foster a deeper appreciation.<br><br>Helps in improving memory and learn to appreciate poems. | Preparation & Presentation of News Report.<br><br>Slogan or poster making in connection with environment day<br><br>role play related to the respective lesson.<br><br>My promise to the planet: 1 minute speech<br><br>Book review<br><br>Recitation competition | June | English teacher<br><br>English club |
| They learn to listen with a better understanding and it improves their listening skill. They gain confidence to speak in | Listening to dramatic speeches of famous personalities.<br><br>Preparing students for public speaking. | | English teacher |

| | | | |
|---|---|---|---|
| public.<br><br>They learn to understand and appreciate poetry in a better way.<br><br>It helps to understand more about language elements and develop interestin language.<br><br>To help learners to apply language skills in real life contexts and enhance their writing skills. | Choreography of poem<br><br>Language games<br><br>Letter writing: A letter to a soldier- Activity in relation to Kargil Vijay Divas | July | English club |
| To enhance their listening skill and develop communication skill. It can connect students to their learning in a meaningful way.<br><br>To gain confidence to speak in public.<br><br>To foster patriotic feeling. | Listening to the audio clips of interviews of famous personalities and conducting interviews in class.<br><br>Speech competition in connection with Independence Day.<br><br>Showing movie clips or songs. | August | English teacher<br><br>English club |

| | | | |
|---|---|---|---|
| To develop creativity and imagination. | Collage making in connection with independent movement. | | |
| Can help students to gain confidence, improve communication and learn more about leadership qualities.<br><br>To gain confidence to speak in public. | A few students can take on the role of teachers for a short period and lead the class.<br><br>Delivering a Thank you Speech to a teacher – Activity in connection with Teachers' day. | September | English teacher<br><br>English club |
| To improve their writing skill in a creative way.<br><br>To foster a positive attitude towards non- violence and know more about our Father of Nation. | Short story writing competition.<br><br>Poster or slogan making on non violence.<br>Collection of Quotes of Gandhiji. | October | English club |
| Can help to develop the process of writing dialogue, storytelling and foster creativity.<br><br>To foster creativity | Preparation and presentation of skit | November | English teacher |

| | | | |
|---|---|---|---|
| in writing, Enhance imagination | Preparation of class magazine | | |
| Can develop their confidence, communicative skill and help to learn teamwork. | Presentation of skit in group | December | English club |
| Serves as a practical application of language skills preparing students for real life communication.<br><br>Helps learners to apply language skills in real life contexts and enhance their writing skills.<br><br>Helps to explore their thoughts and feelings. | Drafting of an email based on a topic related to the lesson.<br><br>Preparation of travel portfolio after discussion.<br><br>Speech in connection with Republic day. | January | English teacher<br><br>English club |
| Can enhance their listening skill and develop communication skill. They can become familiar with | listening to a podcast and leading them to the preparation of it ( based on any eminent personality of | February | English teacher |

| | | | |
|---|---|---|---|
| theatrical performances that are<br>purely auditory.<br><br><br><br>To enhance the confidence of students | their choice )<br><br><br><br>Portfolio day :<br>Display of best essays, poems, collage etc. | | English club |

| ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
| ഹിന്ദി ഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ചേർത്തു പഠിപ്പിക്കൽ<br>പദചാർട്ട്നിർമ്മാണം ,ചിത്ര വായന, പിന്നോക്കാവസ്ഥ മനസ്സിലാക്കി കൂടുതൽ പരിശീലനം നടത്തുക | 3 മാസം ജൂൺ ജൂലൈ ആഗസ്റ്റ് | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ അധ്യാപകർ |
| ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക | ചിത്ര വായന ,ചോദ്യാവലി, അഭിമുഖ സംഭാഷണം, നിത്യജീവിതത്തിൽ ഉപയോഗിക്കാവുന്ന സംഭാഷണങ്ങൾ ഹിന്ദി വൽക്കരിക്കുക ,ദൈനംദിന ക്ലാസ് റൂം സംഭാഷണങ്ങൾ ഹിന്ദി ഗ്രൂപ്പ് ചർച്ചകൾ റോൾപ്ലെ ,സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കൽ<br>ഹിന്ദി ക്ലാസ് റൂം സജ്ജീകരണം | 6 മാസം | ക്ലാസ് റൂം പ്രവർത്തനം ഗ്രൂപ്പ് പ്രവർത്തനം പുസ്തകങ്ങൾ ഇൻറർനെറ്റ് | അധ്യാപകർ<br>രക്ഷിതാക്കൾ |
| ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഹിന്ദി സംവാദം<br>ഹിന്ദി പ്രസംഗം നടത്തൽ ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജിതമാക്കുക<br>കവിതാരചന ,കഥാരചന, ചിത്രരചന ,പോസ്റ്റർ രചന ദിനാചരണ പ്രവർത്തനങ്ങളിൽപങ്കാളിത്തം | 6 മാസം | പുസ്തകങ്ങൾ, ലൈബ്രറി ,സ്കൂൾ ക്ലബ്ബ് ,ഇൻറർനെറ്റ് കമ്പ്യൂട്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| കുട്ടികളെ നല്ല വായനക്കാരാക്കുക | ക്ലാസ് തല വായന കൂട്ടം സംഘടിപ്പിക്കുക<br>ഹിന്ദി പുസ്തക വായനയ്ക്ക് മുൻതൂക്കം കൊടുക്കുക<br>വായനോത്സവം, വായന മത്സരം എന്നിവ പ്രോത്സാഹിപ്പിക്കുക<br>വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ , കവിതാലാപനം | 4 മാസം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പിടിഎ |
| എഴുത്ത് പ്രോത്സാഹിപ്പിക്കൽ | പാഠഭാഗം എഴുതിക്കുക<br>ഹിന്ദി കേട്ട് എഴുതാനുള്ള സാഹചര്യം സൃഷ്ടിക്കുക<br>വായനക്കുറിപ്പ് തയ്യാറാക്കുക ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക ചുമർ പത്രിക എന്നിവ തയ്യാറാക്കൽ<br>കവിതാരചന, കഥാരചന<br>ഹിന്ദി പത്രം മാഗസിനുകൾ എന്നിവ കുട്ടികളെ കൊണ്ട് തയ്യാറാക്കുക<br>ഹിന്ദി പത്രം പ്രകാശനം ചെയ്യുക | 6 മാസം | പുസ്തകങ്ങൾ<br>ലൈബ്രറി<br>റേഡിയോ<br>ടെലിവിഷൻ<br>ഇൻറർനെറ്റ് | അധ്യാപകർ<br>രക്ഷിതാക്കൾ |
| ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക | ഹിന്ദി വാർത്തകൾ കേൾക്കുക<br>ഹിന്ദി ഗാനം കവിത എന്നിവ കേൾക്കുക<br>ഹിന്ദി സാഹിത്യങ്ങൾ വായിക്കുക ഹിന്ദി ഫെസ്റ്റ് ഹിന്ദി ദിൻ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക | 3 മാസം | റേഡിയോ<br>ടെലിവിഷൻ<br>പുസ്തകങ്ങൾ | അധ്യാപകർ<br>പിടിഎ |

| | | | | |
|---|---|---|---|---|
| ഹിന്ദി പഠനത്തിനുള്ള പുതിയ തന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക | ആകർഷണീയമായ ക്ലാസ് റൂമുകൾ സ്മാർട്ട്ക്ലാസുകൾ ഉപയോഗപ്പെടുത്തൽ വീഡിയോകൾ ഓഡിയോകൾ എന്നിവ പ്രയോജനപ്പെടുത്തൽ അസംബ്ലികൾ നടത്തുക<br>ഹിന്ദി ടൈപ്പിംഗ് ഉപയോഗപ്പെടുത്തുക പാഠഭാഗങ്ങൾ സ്വന്തം കവിതകൾ കഥകൾ എന്നിവ ടൈപ്പ് ചെയ്ത് പ്രകാശനം ചെയ്യുക<br>ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുക<br>ഡിജിറ്റൽ പോസ്റ്റർ രചന<br>സൂചന ബോർഡ് നിർമ്മാണം | 7 മാസം | സ്മാർട്ട്ക്ലാസ് റൂം ,കമ്പ്യൂട്ടർ ഇന്റർനെറ്റ് ഫോട്ടോകൾ ചിത്രങ്ങൾ കമ്പ്യൂട്ടർ ലാബ് | അധ്യാപകർ രക്ഷിതാക്കൾ പിടിഎ |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | ക്ലാസ് |
|---|---|---|---|---|---|
| കുട്ടികളിൽ ചരിത്രാവബോധം വികസിപ്പിക്കുന്നതിന് | സഞ്ചാരം ചരിത്ര പ്രാധാന്യമുള്ളസ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ്ബ് | 8,9,10 |
| ജനാധിപത്യ ബോധം വളർത്തുന്നതിന് | സ്കൂൾ പാർലമെൻറ് മോക്ക് പാർലമെൻറ് സാമൂഹ്യ സേവനം ഇവയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ | വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | കുട്ടികൾ സുമനസ്സുകൾ | 8,9,10 |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുന്നതിന് | സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുക ആകാശകാഴ്ചകളിൽ കുട്ടികളിൽ കൗതുകം വളർത്തുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ് പിടിഎ | 8,9 |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തുന്നതിന് | സാമൂഹ്യ പരിഷ്കർത്താക്കളെപരിചയപ്പെടുത്തുക .അഭിമുഖം നടത്തുക . | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ് , പിടിഎ | 8,9 |

| | | | | | |
|---|---|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുന്നതിന്, പ്രാദേശിക ചരിത്രരചനയിൽ അവബോധം വളർത്തുന്നതിന്. | ശില്പശാല, ഐസിടി പ്രയോജനപ്പെടുത്തിക്കൊണ്ട് അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ വായിക്കുന്നതിനുള്ള പരിശീലനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ് | 8,9 |
| പൊതുവിജ്ഞാനം വളർത്തുന്നതിന് | ക്വിസുകൾസംവാദം ചരിത്ര സിനിമാപ്രദർശനം ഡോക്യുമെൻററി ആർക്കിയോളജിയും AI സാധ്യതയും ചരിത്ര പുനർനിർമ്മിതിക്ക്പ്രയോജനപ്പെടുത്തൽ | അക്കാദമിക വർഷം | അക്കാദമിക വർഷം<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ് | 8,9,10 |
| സാമൂഹ്യ സേവന രംഗത്ത് കുട്ടികളിൽ അഭിരുചി വളർത്തുക. | നിർധനരായ കുട്ടികളെ സഹായിക്കുന്നതിനായി സ്കൂൾ ക്യാമ്പസിൽപരസ്പരസഹകരണത്തോടെപഠനസാമഗ്രികൾ നിർധന | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ് | 8,9,10 |

| | | | | | |
|---|---|---|---|---|---|
| കാലാവസ്ഥ വ്യതിയാനം, നിയമ ബോധം, പൊതുമുതൽ സംരക്ഷണം | കുടുംബങ്ങളിലേക്ക്അവശ്യസാധനങ്ങൾ എത്തിക്കുക.<br><br>സ്ക്വാഡ് രൂപീകരണം, വ്യക്തിത്വ രൂപീകരണ ക്ലാസുകൾ ഋതുഭേദങ്ങളെ ആസ്പദമാക്കി ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാർ നിരീക്ഷണം | അക്കാദമിക വർഷം | അക്കാദമിക വർഷം | എസ് എസ് ക്ലബ് | 8,9,10 |

# PHYSICAL SCIENCE

2025-26 അധ്യയനവർഷത്തിൽ എടപ്പാൾ ഹൈസ്കൂൾ വിഭാഗം 150 കുട്ടികളെ ഉൾപ്പെടുത്തി സയൻസ് ക്ലബ് രൂപീകരിക്കുന്നു .ഒരു ക്ലാസ്സിൽ നിന്നും നാലു കുട്ടികളിൽ കുറയാതെ 8,9,10 ക്ലാസുകളിൽ നിന്നായി കുട്ടികളെ തെരഞ്ഞെടുക്കുന്നു .പത്താം ക്ലാസിലെ കുട്ടിയെ കൺവീനറായും ഒമ്പതാം ക്ലാസിലെ രണ്ടു കുട്ടികളെ സെക്രട്ടറിമാരായും തെരഞ്ഞെടുക്കുന്നു .വിവിധ അക്കാദമിക്പ്രവർത്തനങ്ങളിലൂടെ ശാസ്ത്രീയ മനോഭാവം വളർത്താനും ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കാനുംസഹായിക്കും വിധമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ തീരുമാനിക്കുന്നു .

General issues

പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കാൻ കൂടുതൽ സമയം ആവശ്യമാണ് .അതുകൊണ്ടുതന്നെ ആസൂത്രണം ചെയ്യുന്ന പല പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ല .

School issues

കുട്ടികളുടെങ്കാളിത്തം ഓരോ വർഷവും കുറയുന്നതായി കാണുന്നു
ക്ലബ്ബ് പ്രവർത്തനങ്ങൾ പ്രത്യേകം സമയം ഇല്ല
പ്രവർത്തനങ്ങൾക്ക് ആവശ്യമായമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിൽ ബുദ്ധിമുട്ട്
പ്രവർത്തന വിജയികളാകുന്ന കുട്ടികൾക്കായി ചെറിയ രീതിയിലുള്ള സമ്മാനങ്ങൾ നൽകാൻ ആലോചിക്കുന്നു അധ്യാപകരുടെ സഹകരണം ഉറപ്പുവരുത്തിയും സ്കൂൾ അധികാരികളുടെയും പിടിഎയുടേയും സഹായങ്ങൾ തേടിയും അതിന് പരിഹാരം കാണാൻ തീരുമാനിക്കുന്നു.

YIP,Inspire award:ശാസ്ത്രാഭിരുചി വളർത്താൻ സഹായകമായ ഗവൺമെൻറ് പദ്ധതികൾ ഏറ്റെടുത്ത് എല്ലാ അധ്യാപകരുടെയും സഹകരണത്തോടെ പൂർത്തിയാക്കാൻ തീരുമാനിക്കുന്നു .

കുട്ടികളുടെ പഠനം നിലവാരം വിലയിരുത്താൻ മാസവും ആദ്യവാരം യൂണിറ്റ് ടെസ്റ്റ് നടത്താൻ തീരുമാനിക്കുന്നു.

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| പരിസ്ഥിതി ദിനാഘോഷം | നമ്മുടെപരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതപുതിയ തലമുറയെ മനസ്സിലാക്കുക. വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികളിൽ അറിവ് ഉണ്ടാക്കുക | ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം , ക്ലാസ് തല പോസ്റ്റർ നിർമ്മാണ മത്സരം | June5-7 | സയൻസ് അധ്യാപകർ |
| ലഹരി വിരുദ്ധ ദിനം | സാമൂഹ്യ വിപത്തായ ലഹരിയ്ക്കെതിരെ പോരാടുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നതിന് ലഹരി വസ്തുക്കളുടെദൂഷ്യഫലങ്ങൾ തിരിച്ചറിയുന്നതിന് | ഉപന്യാസം മത്സരം ലഹരിയിൽ അടങ്ങിയിരിക്കുന്ന വസ്തുക്കൾ ശരീരത്തെ എങ്ങനെ ബാധിക്കുന്നു, presentation | June26-30 | സയൻസ് അധ്യാപകർ |
| ചാന്ദ്രദിനം | ചാന്ദ്രപര്യവേഷണത്തെക്കുറിച്ച് അറിയുന്നതിന് | വീഡിയോ പ്രദർശനം collage നിർമ്മാണം പ്രസന്റേഷൻ | July21-25 | സയൻസ് അധ്യാപകർ |
| July 28 | ശാസ്ത്ര പ്രതിഭാ നിർണയം | ക്വിസ് മത്സരം | June28 | |

| | | | | |
|---|---|---|---|---|
| | ശാസ്ത്രത്തിലെ നൂതന ആശയങ്ങളെ<br>പരിചയപ്പെടുത്തുക .അത് പ്രായോഗികമാക്കാനുള്ള താല്പര്യം വളർത്തുക | | | |
| August | സബ് ജില്ലാ ശാസ്ത്രമേളയിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്തൽ | സ്കൂൾതല ശാസ്ത്രമേള സെമിനാർ | Aug4-8 | സയൻസ് അധ്യാപകർ |
| പാദവാർഷിക പരീക്ഷ | ഫസ്റ്റ് ടേംപാഠഭാഗങ്ങൾ റിവിഷൻ ചോദ്യപേപ്പർ ചർച്ച ചെയ്യൽ | പാദവാർഷിക പരീക്ഷ.work sheet തയ്യാറാക്കി റിവിഷൻ നടത്തുന്നു. | Aug20 | |
| September 16<br>ഓസോൺദിനം | ഓസോൺ പാളിയുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെകുറിച്ച് ബോധവൽക്കരണം നടത്തുക. | സെമിനാർ ഓസോൺ പാളിയുടെ ശോഷണം:കാരണങ്ങളും പരിഹാരമാർഗങ്ങളും | Sep15-19 | സയൻസ് അധ്യാപകർ |
| October | ശാസ്ത്രമേള മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കൽ | എക്സ്പിരിമെന്റ് പ്രോജക്ട് എന്നിവയുടെ മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കുന്നു. | october | സയൻസ് അധ്യാപകർ |
| November | | | November | |

| | | | | |
|---|---|---|---|---|
| December<br><br>January-Feb<br><br>March | അർദ്ധവാർഷിക പരീക്ഷയുടെ പാഠഭാഗങ്ങൾ - പഠനനിലവാരംവിലയിരുത്തൽ<br>പാഠഭാഗങ്ങൾ പൂർത്തിയാക്കൽ (std10)<br><br>പരീക്ഷാ തയ്യാറെടുപ്പുകൾ 8, 9 ക്ലാസുകളിലെ പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു .<br>എസ്എസ്എൽസി പരീക്ഷ | എല്ലാ വിഷയങ്ങളിലും പരീക്ഷയ്ക്ക് വരുന്ന വിധത്തിലുള്ള ചോദ്യങ്ങൾ പരിചയപ്പെടുത്തുന്നു<br>വിഷയ അധിഷ്ഠിത പരിശീലനങ്ങൾ നൽകുന്നു. മോഡൽ പരീക്ഷ<br>A+,D+ക്ലാസ്സുകൾ ,റിവിഷൻ ക്ലാസുകൾ | December<br><br>January<br><br>Feb-Mar | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |

# ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി ബോധവൽക്കരണം | ഇഷ്ടപ്പെട്ട മരത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക<br>പിറന്നാൾ ദിനത്തിൽ സ്കൂൾ ക്യാമ്പസിലേക്ക് ഒരു ചെടി | June<br>all month | ബയോളജി അധ്യാപകർ<br>Nature club | Nil |
| ജൈവവൈവിധ്യം | ക്യാമ്പസിലെ മരങ്ങളുടെ സവിശേഷതകൾ അടങ്ങിയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | July-Sept | ബയോളജി അധ്യാപകർ | Nil |
| ശാസ്ത്രവായന | ശാസ്ത്രപുസ്തകങ്ങൾ ലൈബ്രറിയിൽ ശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ എത്തിച്ച ശാസ്ത്രരചന മത്സരങ്ങൾ നടത്തുന്നു .<br>ശാസ്ത്രരചനകൾ ഉൾപ്പെടുത്തി മാഗസിൻ നിർമാണം | June-Oct | സയൻസ് ക്ലബ്ബ് ലൈബ്രേറിയൻ | PTA |
| കരിയർ ബോധവൽക്കരണം | ജനറ്റിക് കരിയർ ഓപ്പർച്യൂണിറ്റീസ് കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന career expert നെ കൊണ്ടുവന്ന് കുട്ടികൾക്ക് ബോധവൽക്കരണം. | October | ലഹരി വിമുക്തി ക്ലബ്ബ് | PTA |
| കൃഷി | ആധുനിക കൃഷി രീതിയ്ക്ക് ആവശ്യമായ നടീൽ വസ്തുക്കളുടെ നിർമ്മാണം.<br>(ബഡ്ഡിങ് ഗ്രാഫ്റ്റിംഗ് ലയറിങ്) | July -Aug | ബയോളജി അധ്യാപകർ<br>WE ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സൗഹാർദ്ദം ഉൽപ്പന്ന നിർമ്മാണം | നാടൻ ഇനങ്ങൾ തിരിച്ചറിഞ്ഞ് ലിസ്റ്റ് തയ്യാറാക്കുക. പ്രദർശനം സ്കൂൾ അടുക്കളത്തോട്ടം നിർമ്മാണം . വീട്ടിലെ കൃഷി വീഡിയോ നിർമ്മാണം . ചെടിച്ചട്ടി നിർമ്മാണം തുണിസഞ്ചി നിർമ്മാണം പേപ്പർ പേന നിർമ്മാണം | Aug-Jan | ബയോളജി അധ്യാപകർ ടീൻസ് ക്ലബ്ബ് ശുചിത്വ സേന | TEENS club,PTA |
| ഫീൽഡ് ട്രിപ്പ് | Parempadam കണ്ടൽക്കാട് സന്ദർശനം(std9) തവനൂർ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സന്ദർശനം(std8) പ്ലാനറ്റോറിയം സന്ദർശനം Std10)സംഘടിപ്പിക്കുന്നു . | October August November | പരിസ്ഥിതി ക്ലബ്ബ് സയൻസ് ക്ലബ്ബ് | Local Sponcer |
| പോഷകാഹാരം | ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു ഹെൽത്തി ഫുഡ് പ്ലേറ്റിന്സമ്മാനം . സമീകൃതാഹാരംഉദ്ബോധനം .കൗമാരക്കാരിലെ ആഹാരശീലം | September | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | NIL |
| ലൈംഗികവിദ്യാഭ്യാസം | ബോധബോധവൽക്കരണ ക്ലാസ് . കൗമാര കാലഘട്ടത്തിൽ | October | ബയോളജി അധ്യാപകർ ഹെൽത്ത് ക്ലബ്ബ് | NIL |

| | | | | |
|---|---|---|---|---|
| | ഉണ്ടാകുന്ന സംശയ ദൂരീകരണത്തിനായി എഴുത്തുപെട്ടി സ്ഥാപിക്കുന്നു ഡോക്ടർമായി അഭിമുഖം | | സ്കൂൾ കൗൺസിലർ ഡോക്ടർ | |
| മാലിന്യ സംസ്കരണം | ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കൽ. കമ്പോസ്റ്റ് നിർമ്മാണം. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആധുനിക രീതികൾ | വർഷം മുഴുവൻ | ശുചിത്വ സേന | local body |
| സാംക്രമിക രോഗനിർമാർജനം | സാംക്രമിക രോഗങ്ങൾ ആയ നിപ്പ ,കുഷ്ഠം ,AIDS, പേവിഷബാധ മുതലായവയ്ക്ക് ബോധവൽക്കരണ ക്ലാസ്, മുൻകരുതലുകൾ | June-Jan | ഹെൽത്ത് ക്ലബ്ബ് | NIL |
| ശാസ്ത്രദിനചരണം | രക്തദാന ദിനം, ജനസംഖ്യാദിനം ,ലോക പോളിയോ വാക്സിനേഷൻ ദിനം ,അവയവദാന ദിനം ,ഹൃദയാരോഗ്യദിനം, കർഷകദിനം മുതലായവ ആചരിക്കുന്നു | June-Jan | പരിസ്ഥിതി ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | NIL |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ<br><br>നിർമ്മിതികളിലെ ശേഷി കൈവരിക്കൽ<br><br>ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ<br><br>ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ പരിഹാരബോധനം<br><br>ഇൻസ്ട്രുമെന്റ് ബോക്സ് കൈകാര്യം ചെയ്യുന്നതിലെ വൈദഗ്ദ്യം<br><br>ഗണിത ശില്പശാലകൾ , ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു . സംഘപഠനം<br><br>വിഷയ സമിതിയുടെ ഇടപെടലുകൾ | ജൂൺ ആദ്യവാരം തുടർ പ്രവർത്തനം ഒരു ടേമിലൊന്ന്<br><br>അക്കാദമിക വർഷത്തിൽ ഒന്ന്<br><br>തുടർ പ്രവർത്തനം<br><br>അക്കാദമിക വർഷം ശനിയാഴ്ചകളിലും മറ്റ് | അധ്യാപകർ മുന്നോട്ടു നിൽക്കുന്ന കുട്ടികൾ<br><br>ഗണിത ക്ലബ്<br><br>ഗണിത അധ്യാപകർ ,മുതിർന്ന അധ്യാപകർ ,ക്ലബ് സെക്രട്ടറി<br><br>അധ്യാപകർ മുന്നോട്ടു നിൽക്കുന്ന കുട്ടികൾ | PTA<br><br>TEACHERS<br><br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| ഗണിതരൂപങ്ങൾ<br>അളവുകൾ ഇവ<br>പരിചയപ്പെടൽ | ചർച്ചകൾ<br>ആസൂത്രണം | അവധി<br>ദിവസങ്ങളിലും | | അധ്യാപകർ |
| ഗണിതക്രിയകളിൽ<br>അടിസ്ഥാനം<br>ഉറപ്പിക്കൽ | | | അധ്യാപകർ ,മുന്നോട്ടു<br>നിൽക്കുന്ന<br>കുട്ടികൾ | |
| ഗണിത മത്സര<br>വേദികളിൽ<br>ഊർജ്ജസ്വലമായ<br>പങ്കാളിത്തം | ക്വിസ് മത്സരങ്ങൾ<br>ഗണിത മേളകൾ | July-Nov | | |
| ഗണിത ലാബ്<br>ഗണിത മാഗസിൻ | ശില്പശാലയിലൂടെ<br>ആവശ്യമായ<br>പഠനോപകരണങ്ങൾ ശേഖരിക്കൽ | Aug-Nov | അധ്യാപകർ ,മുന്നോട്ടു<br>നിൽക്കുന്ന<br>കുട്ടികൾ | |
| ഗണിത ക്ലിനിക് | സംശയ നിവാരണ<br>വേദി<br>വിഷയ<br>സമിതിയുടെ<br>ഇടപെടലുകൾ<br>ചർച്ചകൾ<br>ആസൂത്രണം | June-Feb | അധ്യാപകർ | |

## ഉപസംഹാരം

എടപ്പാൾ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന്റെ 2024-25 വർഷത്തെ മാസ്റ്റർ പ്ലാൻവിദ്യാലയത്തിന്റെ സമഗ്ര പുരോഗതിനിർത്തി ആസൂത്രണം  ചെയ്തിട്ടുള്ളതാണ് ഇത് കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ നിർവഹണത്തിനായി സമർപ്പിക്കുന്നു.

****************************************